Mr. Speaker : How can the Chief Minister answer that question ?

ശ്രീ. പി. ടി. ചാക്കോ : ഈ നിയമനത്തിനുശേഷം ഗവണ്മെൻറ പാർട്ടിയിലെ ഒരധികാരി നമ്മുടെ സ്വന്തം ആൾ പബ്ലിക്ക് സർവ്വീസ് കമ്മിഷനിൽ വന്നിരിക്കുന്ന തുകൊണ്ട് എനിക്ക് ഇന്ന ഇന്ന ധൈര്യങ്ങൾ സാധിച്ചതരണമെന്നു കത്തു് എഴുതിയതു് പത്രങ്ങളിൽ പരസ്യപ്പെടുത്തിയതു് ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : അടിസ്ഥാനരഹിതമായ പല ആരോപണങ്ങളും പത്രങ്ങളിൽ പരസ്യപ്പെടുത്തിക്കാണാറുണ്ട്. അതിൽ എന്തെങ്കിലും അടിസ്ഥാനമുണ്ടോ എന്നു് ഗവണ്മെൻറ പരിശോധിക്കുന്നതായിരിക്കും.

കോവാപ്പറേറീവു് സൊസൈറീ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത കമ്പനികൾ.

* 1341. [22] ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവണ്മെൻറ് അധികാരത്തിൽ വന്നശേഷം എത്ര കമ്പനികൾ ചെറുകിട വ്യവസായാവശ്യാർത്ഥം കോവാപ്പറേറീവു് സൊസൈറീ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടു് ;

(ബി) സൊസൈറീ അടിസ്ഥാനത്തിലല്ലാതെ എത്ര രജിസ്റ്റർ ചെയ്തിട്ടുണ്ടു് ;

(സി) രജിസ്റ്റർ ചെയ്ത കമ്പനികളുടെ പേരും ഡയറക്ടർമാരുടെ പേരും അടങ്ങിയ ഒരു പട്ടിക മേശപ്പുറത്തു വയ്ക്കുമോ ;

(ഡി) അത്തരം കമ്പനികളിൽ ഏതിനെല്ലാം ലോൺ കൊടുത്തിട്ടുണ്ടു് ; എത്ര എന്നു കാണിക്കുന്ന പട്ടിക മേശപ്പുറത്തു വയ്ക്കുമോ ;

(ഇ) ഓരോന്നിൻറെയും ഷെയർ കാപ്പിറൽ, Investment സംഖ്യകൾ എത്ര ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി ഗോപാലൻ) :

വിവരങ്ങൾ ശേഖരിച്ചുവരുന്നു.

കോമൺവെൽത്തു് മാനേജ്മെൻറിൻകീഴിലുള്ള വ്യവസായ സ്ഥാപനങ്ങൾ.

* 1342. [23] ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിൽ കോമൺവെൽത്തു് മാനേജ്മെൻറിൻ കീഴിൽ എത്ര വ്യവസായസ്ഥാപനങ്ങളുണ്ടു് ; അവയിൽ പവർലൂം ഫാക്ടറികൾ എത്ര ;

(ബി) കണ്ണൂർ കോമൺവെൽത്തു് വീവിങ്ങു് ഫാക്ടറിയിൽ 58-ൽ ഉണ്ടായിരുന്ന തൊഴിൽത്തർക്കം അവസാനപ്പിക്കുന്നതിൽ ഗോഡൗക്കുകളായിരുന്ന പാർട്ടികൾ ഏതൊക്കെ ; ഗവണ്മെൻറ് പ്രസ്തുത മാധ്യസ്ഥഎഗ്രിമെൻറിൽ ഒപ്പുവച്ചിരുന്നുവോ ;

(സി) ആ എഗ്രിമെൻറ് (agreement) നുശേഷം എത്ര തൊഴിലാളികളെ പിരിച്ചുവിട്ടിട്ടുണ്ടു് ; ഇപ്പോഴും പിരിച്ചുവിടൽ തുടരുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) മൂന്നു ഓട്ടുവ്യവസായശാലകളും രണ്ടു ടെക്സ്റ്റയിൽ വ്യവസായ ശാലകളും ഉണ്ട്. ഒന്നു്.

(ബി) (1) കാമൺവെൽത്തു് മാനേജ്മെൻറു്.

(2) കാമൺവെൽത്തു് ടെക്സ്ടയിൽ ലേബർ യൂണിയൻ, കണ്ണൂർ.

(3) കാമൺവെൽത്തു് ഇൻഡിപ്പെൻഡൻഡു് വർക്കേഴ്സ് യൂണിയൻ, കണ്ണൂർ എന്നിവയാണു്.

ഗവണ്മെൻറു പ്രതിനിധികളും കൺസിലിയേഷൻ ആഫീസരുമായ ലേബർ കമ്മീഷണർ എഗ്രിമെൻറിൽ ഒപ്പു വച്ചിട്ടുണ്ടു്.

(സി) 112 തൊഴിലാളികളെ പിരിച്ചുവിട്ടിട്ടുണ്ടു്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : എഗ്രിമെൻറുണ്ടാക്കിയ അവസരത്തിൽ ഏതു അടിസ്ഥാനത്തിലാണു് പിരിച്ചുവിടാൻ മാനേജ്മെൻറിനു് അധികാരം കൊടുത്തിരുന്നതു്.

ശ്രീ. ടി. വി. തോമസ് : അങ്ങനെ അധികാരം കൊടുത്തിരുന്നുവെന്നു അറിവില്ല. 75 ശതമാനം എഫിഷ്യൻസി നേടുന്നതിനു് സഹകരിക്കാത്തവരുടെ പേരിൽ നടപടിയെടുക്കാൻ മാനേജ്മെൻറിനധികാരമുണ്ടു്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : 300 പേരിൽ 112 പേരെ പിരിച്ചുവിടുന്ന കാര്യത്തിൽ ഒരു മദ്ധ്യസ്ഥമായി ഗവണ്മെൻറുകൂടി നിന്നുവെന്നുള്ളതു ശരിയാണോ ?

ശ്രീ. ടി. വി. തോമസ് : അവിടത്തെ തൊഴിലാളികളുടെ പ്രതിനിധികളും 75 ശതമാനം എഫിഷ്യൻസി കൊടുക്കാൻ തയ്യാറാണെന്നു് പറഞ്ഞിട്ടു് അങ്ങനെ കൊടുക്കാത്തതു് തെറ്റാണെന്നു് മാനേജ്മെൻറു് പറഞ്ഞാൽ ഗവണ്മെൻറിനു് ഇക്കാര്യത്തിൽ മറ്റൊരഭിപ്രായമെടുക്കാൻ നിവൃത്തിയില്ല.

ശ്രീ. പി. ബാലചന്ദ്രമേനോൻ : പ്രൊഡക്ഷൻ അടുത്തകാലത്തു വർദ്ധിച്ചിട്ടുണ്ടു്. ആ അടിസ്ഥാനത്തിൽ വാസ്തവത്തിൽ തൊഴിലാളികളുടെ പേരിൽ ഒരു നടപടിയെടുക്കാൻ മാത്രമാണു് മുതലാളി പിരിച്ചുവിട്ടിട്ടുള്ളതെന്നു ഗവണ്മെൻറിനു് തോന്നുന്നുണ്ടോ ? അപ്പോലെതന്നെ അവിടെ ശരിക്കു പ്രൊഡക്ഷൻ വർദ്ധിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ജോസഫ് ചാഴിക്കാടൻ : ചെയ്യാവുന്ന ജോലികളും ചെയ്തില്ലെങ്കിൽ അവരെ പിരിച്ചുവിടാതെ മാനേജ്മെൻറിനു് എന്തുചെയ്യാൻ സാധിക്കും ?

സിവിൽ സർവ്വീസിലെ ഉദ്യോഗസ്ഥന്മാർ.

*1342(A) [24] ശ്രീ. ഏ. എം. കല്യാണകൃഷ്ണൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സിവിൽ സർവ്വീസിൽ വിവിധ തസ്തികകളിലായി ആകെ എത്ര ജീവനക്കാരുണ്ടു് ;

(ബി) ഓരോ തസ്തികയിലും ഉള്ള ജീവനക്കാരുടെ എണ്ണവും, ജാതി തിരിച്ചുള്ള പട്ടികയും മേശപ്പുറത്തു വയ്ക്കാൻ ദയവുണ്ടാകുമോ ?